സിബി(1)48328/2016

സഹകരണ സംഘം രജിസ്ട്രാർ ആഫീസ്
തിരുവനന്തപുരം, തീയതി, 10.11.2016
Email : Keralarcs.coop@kerala.gov.in
Website : www.cooperation.kerala.gov.in
Fax : 0471-2331513, 0471-2331136

## സർക്കുലർ നമ്പർ. 42/2016

വിഷയം:- 500/-, 1000/-രൂപാ നോട്ടുകൾ അസാധുവാക്കിയത്– തുടർ നടപടികൾ - സംബന്ധിച്ച്

സൂചന:- സഹകരണ സംഘം രജിസ്ട്രാറുടെ 09/11/2016 ലെ സി.ബി(1) 41/2016 നമ്പർ സർക്കുലർ

കേന്ദ്ര സർക്കാരിന്റെ 08/11/2016 ലെ S.O.3407(E) നമ്പർ നോട്ടിഫിക്കേഷൻ പ്രകാരം, രാജ്യത്ത് നിലവിലിരുന്ന 500/-, 1000/-രൂപ നോട്ടുകൾ2016 നവംബർ മാസം 9–ാം തീയതി മുതൽ അസാധുവാക്കുകയുണ്ടായി. ഇതിനെ തുടർന്ന് സഹകരണ ബാങ്കുകൾ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച് സൂചന പ്രകാരം മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിരുന്നു. അപ്രകാരം അസാധുവായ 500/-, 1000/-രൂപ നോട്ടുകൾസ്വീകരിക്കുന്നതിനും നിക്ഷേപിക്കുന്നതിനും ജില്ലാ സഹകരണ ബാങ്കുകൾക്കും, പ്രാഥമിക സഹകഇം സംഘങ്ങൾക്കും കഴിയുമോ എന്നത് സംബന്ധിച്ച് സംശയങ്ങൾ വിവിധ സഹകരണ സംഘങ്ങൾ ഉന്നയിച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെടുകയും ആയത് സംബന്ധിച്ച് വ്യക്തത വരുത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. ജില്ലാ സഹകരണ ബാങ്കുകൾക്കും, എല്ലാത്തരം പ്രാഥമിക സഹകരണ സംഘങ്ങൾക്കും, അസാധുവാക്കപ്പെട്ട 500/-, 1000/-രൂപ നോട്ടുകൾ അവരവരുടെ ഇടപാടുകാരുടെ നിക്ഷേപ അക്കൗണ്ടുകളിൽ ക്രെഡിറ്റ് ചെയ്യാവുന്നതാണ്. KYC മാനദണ്ഡങ്ങൾ പാലിച്ചിട്ടുള്ള അക്കൗണ്ടുകളിൽ മാത്രമെ ഇപ്രകാരം നിക്ഷേപങ്ങൾ സ്വീകരിച്ച് ക്രെഡിറ്റ് ചെയ്യുവാൻ പാടുള്ളു. KYC മാനദണ്ഡങ്ങൾ പാലിച്ചത് സംബന്ധിച്ച് ഓരോ ഇടപാടുകാരനെയും ബന്ധപ്പെട്ടുള്ള രേഖകൾ വാങ്ങി സൂക്ഷിക്കേണ്ടതും ബന്ധപ്പെട്ട അധികാരികളുടെ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

2. പ്രൈമറി സംഘങ്ങളും ജില്ലാ സഹകരണ ബാങ്കുകളും ടി നോട്ടുകൾ ഇടപാടുകാർക്ക് കൈമാറ്റം ചെയ്യുവാൻ (exchange), റിസർവ് ബാങ്കിന്റെ അനുമതി ഉണ്ടാകുന്നതു വരെ പാടില്ലാത്തതാണ്.

3. തുക പിൻവലിക്കുന്നതിന് റിസർവ്വ് ബാങ്ക് നിർദ്ദേശിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

4. ജില്ലാസഹകരണ ബാങ്കുകൾ, പ്രാഥമിക സഹകരണസംഘങ്ങൾ/ ബാങ്കുകൾ എന്നിവ 2016 നവംബർ 12, 13 (ശനി, ഞായർ ദിവസങ്ങൾ) പ്രവർത്തി ദിവസമാക്കേണ്ടതാണ്.

(ഒപ്പ്)

**എസ്.ലളിതാംബിക.ഐ.എ.എസ്**

സഹകരണ സംഘം രജിസ്ട്രാർ

1. സഹകരണ ആഡിറ്റ് ഡയറക്ടർ
2. എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും
3. എല്ലാ ജില്ലാ ആഡിറ്റ് ജോയിന്റ് ഡയറക്ടർമാർക്കും
4. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) മാർക്കും
5. എല്ലാ ആഡിറ്റ് അസിസ്റ്റന്റ് ഡയറക്ടർമാർക്കും
6. മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ ബാങ്ക്
7. എല്ലാ ജില്ലാ ബാങ്ക് ജനറൽ മാനേജർമാർക്കും
8. എല്ലാ സഹകരണ ബാങ്കുകൾക്കും, സംഘങ്ങൾക്കും/ജോയിന്റ് രജിസ്ട്രാർ (ജനറൽ) മുഖേന
9. വെബ്സൈറ്റ്
10. സ്റ്റോക്ക്ഫയൽ